പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3038

20.12.2012- ൽ
മറുപടിക്ക്

## സംസ്ഥാനത്തെ കയർ സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

| ചോദ്യം<br>ശ്രീ.കെ.അജിത് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)സംസ്ഥാനത്തെ കയർ സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ; | **(എ) സർക്കാർ ഉത്തരവ് (കൈ) 139/2012/വ്യവ തീയതി 23.11.2012 പ്രകാരം സംസ്ഥാനത്തെ കയർ സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| ബി) ശമ്പള പരിഷ്ക്കരണത്തിനായി ഒരു സമിതിയെ നിയോഗിക്കുകയോ, അതിന്റെ റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) വിവിധതരം കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വിവിധ വിഷയങ്ങൾ പഠിക്കുന്നതിനായി കയർ വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായും, കയർ വികസന ഡയറക്ടർ കൺവീനറായും, അഡ്വ. എൻ.പി. കമലാധരൻ, ശ്രീ. പി. അശോകൻ, ശ്രീ. എ.കെ. രാജൻ എന്നിവർ മെമ്പർമാരായും സർക്കാർ കമ്മറ്റി രൂപീകരിച്ചിരുന്നു. ടി കമ്മറ്റി സമർപ്പിച്ച ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയാണ് പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറത്തിറങ്ങിയിട്ടുള്ളത്. |
| (സി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം ഏറ്റവുമൊടുവിൽ പരിഷ്ക്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | (സി) ഇപ്പോഴത്തേതിനു തൊട്ടുമുമ്പായുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവ് സർക്കാർ ഉത്തരവ് (കൈ) നം. 184/10/വ്യവ നമ്പറായി 28.08.2010-ലാണ് പുറത്തിറങ്ങിയിട്ടുള്ളത്. |
| *(ഡി)* കയർ സംഘങ്ങളിലെ പെയ്ഡ് സെക്രട്ടറിമാരായിരുന്നവർക്ക് കുറഞ്ഞ വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ? | *(ഡി)* കയർ സംഘങ്ങളിലെ സെക്രട്ടറിയുടെ ഏറ്റവുംകുറഞ്ഞ സ്കെയിൽ 4660- 6730 ആയിട്ടാണ് പരിഷ്ക്കരിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ